REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-01-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രം ഇന്ന് 76-ാം റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ കർത്തവ്യ് പഥിൽ രാഷ്ട്രപതി ദ്രൗപതി മുർമു ആഘോഷപരിപാടികൾക്ക് നേതൃത്വം നൽകും.**
- **ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബിൽ സൽഭരണത്തെ പുനർ നിർവചിക്കുകയെന്ന ലക്ഷ്യത്തോടെയാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **പത്മ അവാർഡുകൾ പ്രഖ്യാപിച്ചു. MT വാസുദേവൻ നായരടക്കം ഏഴ് പേർക്ക് പത്മവിഭൂഷൺ, PR ശ്രീജേഷടക്കം 19 പേർക്ക് പത്മഭൂഷൺ.**
- **പ്രശസ്ത ചലച്ചിത്രസംവിധായകൻ ഷാഫി കൊച്ചിയിൽ അന്തരിച്ചു.**
- **ഇന്ത്യ ഇംഗ്ലണ്ട് രണ്ടാം ട്വന്റി-20 ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യക്ക് രണ്ട് വിക്കറ്റ് വിജയം.**

## വാർത്തകൾ വിശദമായി

രാഷ്ട്രം ഇന്ന് 76-ാം റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ കർത്തവ്യ് പഥിൽ രാഷ്ട്രപതി ദ്രൗപതി മുർമു ആഘോഷപരിപാടികൾക്ക് നേതൃത്വം നൽകും. ഇൻഡോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ ആണ് ഈ വർഷത്തെ റിപ്പബ്ലിക് ദിന ആഘോഷ ചടങ്ങിലെ മുഖ്യാതിഥി.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്............

രാവിലെ പത്തരയ്ക്ക് കർത്തവ്യ്-പഥിൽ ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യവും സൈനിക ശക്തിയും പ്രകടമാക്കുന്ന റിപ്പബ്ലിക് ദിന പരേഡ് ആരംഭിക്കും. കര-നാവിക-വ്യോമ സേനകൾക്കൊപ്പം പോലീസ്, അർധസൈനിക വിഭാഗം, NCC കേഡറ്റുകൾ തുടങ്ങിയവർ അണിനിരക്കും. രാജ്യത്തിന്റെ പ്രൗഢമായ പാരമ്പര്യവും സാംസ്കാരിക വൈവിധ്യവും നവീന മുന്നേറ്റങ്ങളും പ്രതിഫലിപ്പിക്കുന്ന നിശ്ചല ദൃശ്യങ്ങൾ ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടും. രാഷ്ട്രപതി ദ്രൗപതി മുർമു പരേഡിന്റെ അഭിവാദ്യം സ്വീകരിക്കും.

രാവിലെ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ച ശേഷമായിരിക്കും പരേഡ് ആരംഭിക്കുക. ഇന്തോനേഷ്യയിലെ 160 അംഗ മാർച്ചിംഗ് സംഘവും 190 അംഗ ബാന്റ് സംഘവും പരേഡിന്റെ ഭാഗമാകും. വിവിധ സംസ്ഥാനങ്ങളുടേയും വകുപ്പുകളുടേയും 31 നിശ്ചല ദൃശ്യങ്ങൾ പരേഡിന് സൗന്ദര്യം പകരും. ഒന്നര മണിക്കൂറോളം നീളുന്ന പരേഡിന് സമാപനം കുറിച്ച് 47 സൈനിക വിമാനങ്ങൾ വ്യോമാഭ്യാസ പ്രകടനങ്ങൾ കാഴ്ച വെക്കും.

റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ കർഷകരും മൽസ്യത്തൊഴിലാളികളും കരകൗശല വിദഗ്ദ്ധരും അങ്കണവാടി ജീവനക്കാരും ഉൾപ്പെടെ പതിനായിരത്തോളം പേർ പ്രത്യേക ക്ഷണിതാക്കളായി ഡൽഹിയിലെ റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ പങ്കെടുക്കും.

✪✪✪

തിരുവനന്തപുരത്ത് രാവിലെ 9ന് സെൻട്രൽ സ്റ്റേഡിയത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തുന്നതോടെ റിപ്പബ്ലിക് ദിന ആഘോഷങ്ങൾ ആരംഭിക്കും. അദ്ദേഹത്തോടൊപ്പം മുഖ്യമന്ത്രി പിണറായി വിജയനും ചടങ്ങിൽ പങ്കെടുക്കും. സേനാ വിഭാഗങ്ങളുടെയും, NCC, NSS, സ്കൗട്സ് & ഗൈഡ്സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ തുടങ്ങിയ വിഭാഗങ്ങളുടെയും അഭിവാദ്യം ഗവർണർ സ്വീകരിക്കും. തുടർന്ന് അദ്ദേഹം റിപ്പബ്ലിക് ദിന സന്ദേശം നൽകും.

കൊച്ചിയിൽ മന്ത്രി പി.രാജീവും കോഴിക്കോട്ട് മന്ത്രി PA മുഹമ്മദ് റിയാസും ദേശീയ പതാക ഉയർത്തി പരേഡിന്റെ അഭിവാദ്യം സ്വീകരിക്കും.

കാസർകോട്ട് മന്ത്രി KB ഗണേഷ്കുമാർ, കണ്ണൂരിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരും പതാക ഉയർത്തും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങൾക്ക് റിപ്പബ്ലിക് ദിനാശംസകൾ നേർന്നു. ഭാരതത്തിന്റെ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ ഭരണഘടന വഹിച്ച നിർണായക പങ്ക് അദ്ദേഹം ആശംസാ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു. പ്രതിബന്ധങ്ങളും വെല്ലുവിളികളും മറികടന്ന് ഉറച്ച തീരുമാനത്തോടെ രാജ്യം മുന്നോട്ട് പോകുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

ലോക് സഭാ സ്പീക്കർ ഓം ബിർള ജനങ്ങൾക്ക് റിപ്പബ്ലിക് ദിനാശംസകൾ നേർന്നു. ജനാധിപത്യ പ്രക്രിയയിൽ പങ്കാളിത്തം വർദ്ധിപ്പിക്കുമെന്ന് റിപ്പബ്ലിക് ദിനത്തിൽ എല്ലാ പൗരന്മാരും പ്രതിജ്ഞ എടുക്കണമെന്ന് അദ്ദേഹം റിപ്പബ്ലിക് ദിന സന്ദേശത്തിൽ ആഹ്വാനം ചെയ്തു.

✪✪✪

ലോകത്തെ മുഴുവൻ കേരളീയർക്കും മുഖ്യമന്ത്രിയും ഗവർണറും റിപ്പബ്ലിക് ദിനാശംസകൾ നേർന്നു. വികസിതഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ എല്ലാവരുടേയും അക്ഷീണപ്രവർത്തനം ഉണ്ടാകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. നാടിന്റെ നന്മയ്ക്കും ശോഭനമായ ഭാവിക്കുമായി ഒറ്റക്കെട്ടായി നിൽക്കാമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ റിപ്പബ്ലിക് ദിന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

പാർലമെന്റിൽ അവതരിപ്പിച്ച ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ബിൽ സൽഭരണത്തെ പുനർ നിർവചിക്കുകയെന്ന ലക്ഷ്യത്തോടെയാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ഭരണത്തിൽ സ്ഥിരത ഉറപ്പാക്കാനും നയപരമായ വീഴ്ചകൾ ഒഴിവാക്കാനും സാമ്പത്തിക ബാധ്യത കുറയ്ക്കാനും ബില്ലിൽ വ്യവസ്ഥകളുണ്ട്. റിപ്പബ്ലിക് ദിന തലേന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.........വോയ്സ്,........

ഭാരതീയ ന്യായ സംഹിതയും, ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയും, ഭാരതീയ സാക്ഷ്യ അധിനിയവും കൊണ്ടുവന്നത് ശിക്ഷക്ക് പകരം ജനങ്ങൾക്ക് നീതി ലഭ്യമാക്കുകയെന്ന പുതിയ കാഴ്ചപ്പാടിന് തെളിവാണെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

ഇന്ത്യ ലോകത്തിന്റെ നേതൃനിരയിലേക്ക് ഉയർന്നു കഴിഞ്ഞു. ഭരണഘടനയുടെ 75 വർഷങ്ങൾ രാജ്യത്തിന്റെ സമഗ്ര പുരോഗതിയായി

അടയാളപ്പെടുത്തിയതായും രാഷ്ട്രപതി വ്യക്തമാക്കി. ഇന്ത്യൻ സമ്പദ് വ്യവസ്ഥ ഇന്ന് ആഗോള സാമ്പത്തിക പ്രവണതകളെ സ്വാധീനിക്കാൻ പാകത്തിൽ വളർന്നുവെന്നും അവർ പറഞ്ഞു. അന്താരാഷ്ട്ര വേദികളിൽ ഇന്ത്യ നേതൃസ്ഥാനം ഏറ്റെടുത്തു. ഇതിനെല്ലാം ആധാരമായത് രാജ്യത്തിന്റെ ഭരണഘടനയാണെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

✪✪✪

പത്മ അവാർഡുകൾ പ്രഖ്യാപിച്ചു. MT വാസുദേവൻ നായരടക്കം ഏഴ് പേർക്ക് പത്മവിഭൂഷണും, ഇന്ത്യൻ ഹോക്കി ടീം മുൻ ക്യാപ്റ്റൻ PR ശ്രീജേഷ്, ഹൃദയ രോഗ വിദഗ്ദ്ധൻ ഡോ. ജോസ് ചാക്കോ പെരിയപ്പുറം, നടി ശോഭന, തമിഴ് നടൻ അജിത് എന്നിവരടക്കം 19 പേർക്ക് പത്മഭൂഷണും 113 പേർക്ക് പത്മശ്രീ പുരസ്കാരവുമുൾപ്പെടെ 139 പേർക്കാണ് ഇത്തവണ പത്മ പുരസ്കാരങ്ങൾ. ഇവരിൽ 23 പേർ വനിതകളും, 10 പേർ വിദേശികളോ ഇന്ത്യൻ വംശജരോ പ്രവാസി ഭാരതീയരോ ആണ്.

പത്മവിഭൂഷൺ ജേതാക്കളിൽ MT വാസുദേവൻ നായർ സുസുകി മോട്ടോർ കോർപ്പറേഷൻ മുൻ ചെയർമാൻ ഒസാമു സുസുകി, ഗായിക ശ്രദ്ധ സിൻഹ എന്നിവർക്ക് മരണാനന്തരമാണ് ബഹുമതി പ്രഖ്യാപിച്ചത്.

പത്മഭൂഷൺ ജേതാക്കളിൽ ഗായകൻ പങ്കജ് ഉദാസ്, സാമ്പത്തിക ശാസ്ത്രജ്ഞൻ വിവേക് ഡെബ്രോയ് എന്നിവർക്കും മരണാനന്തരമാണ് ബഹുമതി.

ഫുട്ബോൾ താരം IM വിജയൻ, കർണാടക സംഗീതജ്ഞ K.ഓമനക്കുട്ടിയമ്മ, സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകൻ പാലക്കാട് സ്വദേശി CS വൈദ്യനാഥൻ എന്നിവർ പത്മശ്രീ ജേതാക്കളിൽ ഉൾപ്പെടുന്നു.

പ്രധാനമന്ത്രി നരേന്ദ്രമോദി പത്മാപുരസ്കാര ജേതാക്കളെ അഭിനന്ദിച്ചു. വിവിധ മേഖലകളിലെ ഇവരുടെ അനിതര സാധാരണമായ സംഭാവനകളിൽ രാജ്യം അഭിമാനിക്കുന്നതായും പ്രധാനമന്ത്രി സമൂഹമാധ്യമപോസ്റ്റിൽ കുറിച്ചു.

✪✪✪

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് 93 സായുധ സേനാംഗങ്ങൾക്ക് രണ്ട് കീർത്തി ചക്രങ്ങളും 14 ശൗര്യ ചക്രങ്ങളും ഉൾപ്പെടെ ധീരതാ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു പ്രഖ്യാപിച്ചു. രണ്ട് കീർത്തി ചക്രങ്ങൾ, 14 ശൗര്യ ചക്രങ്ങൾ, 66 സേന മെഡലുകൾ എന്നിവയുൾപ്പെടെ വിഭാഗങ്ങളിലാണ് പുരസ്കാരം. ഇതിൽ 11 പുരസ്കാരങ്ങൾ മരണാനന്തരമാണ്.

മേജർ മഞ്ജിത്തിനും നായിക് ദിൽവാർ ഖാനും മരണാനന്തരം രാജ്യം കീർത്തി ചക്ര നൽകി ആദരിച്ചു. വിശിഷ്ട സേവനത്തിന് രാഷ്ട്രപതിയുടെ മെഡലിന്

കേരളത്തിൽ നിന്നും ADGP പി.വിജയൻ അർഹനായി. സ്തുത്യർഹ സേവനത്തിന് രാഷ്ട്രപതിയുടെ മെഡലിന് സംസ്ഥാനത്ത് നിന്നും 10 പേർ അർഹരായി.

✪✪✪

നാല് മലയാളികളടക്കം 49 പേർക്ക് ദേശീയ ജീവൻ രക്ഷാ പഥക് പ്രഖ്യാപിച്ചു. 17 പേർക്ക് സർവ്വോത്തം ജീവൻ രക്ഷാ പഥക്കും, ഒമ്പത് പേർക്ക് ഉത്തം ജീവൻ രക്ഷാ പഥക്കും, 23 പേർക്ക് ജീവൻ രക്ഷാ പഥക്കും ആണ് നൽകുന്നത്. മലയാളിയായ KM മനേഷിന് മരണനാനന്തര ബഹുമതിയായി സർവ്വോത്തം ജീവൻ രക്ഷാ പഥക് പ്രഖ്യാപിച്ചു. കേരളത്തിൽ നിന്ന് ദിയ ഫാത്തിമ, മുഹമ്മദ് ഹാഷിർ, അജിത് ആർ നായർ എന്നിവർ ജീവൻ രക്ഷാ പഥക്കിന് അർഹരായി.

✪✪✪

പ്രശസ്ത സംവിധായകൻ ഷാഫി കൊച്ചിയിൽ അന്തരിച്ചു. അദ്ദേഹത്തിന് 56 വയസ്സായിരുന്നു. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി മസ്തിഷ്ക രക്തസ്രാവത്തെ തുടർന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. മായാവി, കല്യാണരാമൻ, ചട്ടമ്പിനാട് ഉൾപ്പെടെ നിരവധി ഹിറ്റ് ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്.

കബറടക്കം വൈകിട്ട് കലൂർ മുസ്ലിം ജമാഅത്ത് പള്ളിയിൽ നടത്തും.

✪✪✪

വയനാട്ടിൽ വന്യമൃഗ ആക്രമത്തിൽ സ്ത്രീ മരിച്ച സംഭവത്തിൽ മന്ത്രി AK ശശീന്ദ്രന്റെ അധ്യക്ഷതയിൽ രാവിലെ കളക്ടറേറ്റിൽ പ്രത്യേക യോഗം ചേരും. യോഗത്തിൽ ജില്ലാ കളക്ടർ DR മേഘശ്രീ, ADM K ദേവകി എന്നിവർ ഉൾപ്പെടെ ഉദ്യോഗസ്ഥർ പങ്കെടുക്കും . മുഖ്യ വനപാലകരും യോഗത്തിൽ പങ്കെടുക്കും

✪✪✪

വയനാട് പഞ്ചാരകൊല്ലിയിലെ കടുവക്കായി ഇന്നും തിരച്ചിൽ ഊർജിതമാക്കും. ഇന്നലെ സീനിയർ വെറ്ററിനറി സർജൻ അരുൺ സക്കറിയയുടെ നേതൃത്വത്തിൽ തിരച്ചിൽ ആരംഭിച്ചിരുന്നു. 200ൽ അധികം വനപാലകർ സംഘങ്ങളായി തിരിഞ്ഞാണ് തിരച്ചിൽ നടത്തുന്നത്.

✪✪✪

കോഴിക്കോട് കൂടരഞ്ഞിയിൽ വനംവകുപ്പിന്റെ കൂട്ടിൽ അകപെട്ട പുലിയെ താമരശ്ശേരിയിലെത്തിച്ചു. വനം വകുപ്പിൽ നിന്നും ഉത്തരവ് ലഭിച്ചാൽ തുടർ നടപടികൾ സ്വീകരിക്കുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ചെന്നൈയിൽ ഇന്ത്യ ഇംഗ്ലണ്ട് രണ്ടാം ട്വന്റി-20 ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യക്ക് രണ്ട് വിക്കറ്റ് ജയം. ഇംഗ്ലണ്ട് ഉയർത്തിയ 166 റൺസ് വിജയലക്ഷ്യം നാല് പന്തുകൾ ബാക്കി നിൽക്കേ ഇന്ത്യ മറികടന്നു.

72 റൺസെടുത്ത  തിലക് വർമയാണ് ഇന്ത്യയുടെ വിജയശിൽപി.ജയത്തോടെ അഞ്ചുമത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 2-0 മുന്നിലെത്തി

✪✪✪

ISL ഫുട്ബോളിൽ ഗോവ FC ചെന്നൈയിൻ FC യെ എതിരില്ലാത്ത 2 ഗോളിന് പരാജയപ്പെടുത്തി. ഇന്ന് വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിൽ മൊഹമ്മദൻസ് SC മുംബൈ സിറ്റിയെ നേരിടും.

✪✪✪

ഇന്ത്യൻ വിമൻസ് ലീഗ് ഫുട്ബോളിൽ ഗോകുലം കേരള ഇന്ന് ഹോപ്സ് FCയെ നേരിടും. വൈകിട്ട് നാലിന് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

KSRTCയെ പൂർണമായി മൂന്ന് മാസത്തിനകം കമ്പ്യൂട്ടറൈസ്ഡ് സമ്പ്രദായത്തിലേക്ക് കൊണ്ടുവരാനാണ് ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് മന്ത്രി KB ഗണേഷ് കുമാർ പറഞ്ഞു. കോഴിക്കോട്ട് KLFൽ  പൊതുഗതാഗതവുമായി ബന്ധപ്പെട്ട സെഷനിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ട്രെയിൻ ആപ്പുകൾക്ക് സമാനമായി ബസ്സുകളുടെ സഞ്ചാര പുരോഗതി അറിയിക്കുന്ന ആപ്പിന്റെ പ്രവർത്തനങ്ങൾ  പുരോഗമിക്കുകയാണെന്ന് മന്ത്രി പറഞ്ഞു.

✪✪✪

മലയോര മേഖലയിൽ കഴിയുന്നവർക്ക് മരണ ഭയം കാരണം ഉറങ്ങാനാവാത്ത സ്ഥിതിയാണ് നിലനിൽക്കുന്നതെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ കുറ്റപ്പെടുത്തി.

വന്യ ജീവി ആക്രമത്തിനെതിരെ ഗവൺമെന്റ് മുൻകരുതൽ മുൻകരുതൽ എടുക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. പ്രതിപക്ഷനേതാവ്  VD സതീശൻ നയിക്കുന്ന UDF സംസ്ഥാന കമ്മിറ്റിയുടെ മലയോര സമര പ്രചരണ യാത്ര കണ്ണൂർ കരുവഞ്ചാലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു വേണുഗോപാൽ.

✪✪✪

പത്തനംതിട്ട ജില്ലയിൽ വീണ്ടും പോക്സോ കേസ് റിപ്പോർട്ട് ചെയ്തു. പതിനേഴുകാരിയെ നിരന്തരലൈംഗിക പീഡനത്തിന് ഇരയാക്കിയ സംഭവത്തിൽ അടൂർ പൊലീസ് 9 കേസുകൾ പൊലീസ് രജിസ്റ്റർ ചെയ്തു. നാല് പ്രതികളെ പിടികൂടി. സ്കൂളിൽ ശിശുക്ഷേമസമിതി നടത്തിയ കൗൺസിലിംഗിലാണ് പീഡനവിവരം പുറത്തുവന്നത്.

✪✪✪

സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകൾക്കായി കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് വാങ്ങുന്ന പഞ്ഞി എത്തിത്തുടങ്ങി. എട്ട് മില്ലുകൾക്കായി മൂന്ന് കോടി 30 ലക്ഷം രൂപയുടെ പഞ്ഞിയാണ് വാങ്ങുന്നത്.

✪✪✪

സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പു നൽകി. ഉയർന്ന താപനിലയും അന്തരീക്ഷത്തിലെ ഈർപ്പവും ചൂടും അസ്വസ്ഥതകളും ഉണ്ടാക്കാമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*Casual News Readers: രജ്ന കെ ആസാദ്,*
*ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*